# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5492 28.7.2015-ൽ മറുപടിയ്ക്ക്

**വെറ്റിനറി സർവ്വകലാശാലയിലെ അഴിമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) വെറ്റിനറി സർവ്വകലാശാലയിൽ വൈസ് ചാൻസലർ സ്വീകരിച്ചിട്ടുള്ള ഭരണ, അക്കാദമിക് നടപടികളെക്കുറിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, എന്തെല്ലാം ആക്ഷേപങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | എ) ഉണ്ട്;<br>1.ഫീസ് വർദ്ധന<br>2.സീറ്റ് വർദ്ധന<br>3.ഹോസ്റ്റൽ സൗകര്യങ്ങളുടെ അപര്യാപ്തത<br>4.ഡിപ്ളോമ/എം.എസ്. കോഴ്സുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ<br>5.അവശ്യം വേണ്ട സൗകര്യങ്ങളും അനുമതിയും കൂടാതെ ബി.ടെക് ഡയറി സയൻസ് കോഴ്സിലേക്ക് കുട്ടികൾക്ക് പുതുതായി അഡ്മിഷൻ നല്കി എന്നിവയാണ് പരാതിക്ക് ആധാരമായ വിഷയങ്ങൾ. ഇവയിൽ 1 മുതൽ 4 വരെയുള്ള പരാതിയിൽ അടിസ്ഥാനമില്ല എന്നാണ് ബോർഡ് തലത്തിൽ നടത്തിയ വിശദമായ പരിശോധനയിൽ കണ്ടിട്ടുള്ളത്. അഞ്ചാമത്തെ പരാതിയിൻമേൽ സർവ്വകലാശാലാ രജിസ്ട്രാറോട് സർക്കാർ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ട്. |
| ബി) വൈസ് ചാൻസലറുടെ നടപടികളെ വിദ്യാർത്ഥികളും അധ്യാപകരും എതിർക്കുകയും യൂണിവേഴ്സിറ്റി ക്യാമ്പസ് പ്രക്ഷോഭങ്ങളുടെ വേദിയായി മാറുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രക്ഷോഭത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) 2013 ലും 2015 ലും വിദ്യാർത്ഥികൾ ഫീസ് വർദ്ധനയ്ക്കെതിരെ രണ്ടു സമരങ്ങൾ ചെയ്തുവെങ്കിലും അവരുമായുള്ള ചർച്ചയിൽ സമവായത്തെ തുടർന്ന് സമരം പിൻവലിക്കുകയാണ് ഉണ്ടായത്. ബോർഡ് തെരഞ്ഞെടുപ്പ് വൈകിയതിനാൽ ചില അദ്ധ്യാപക സംഘടനകൾ ചില സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ സഹകരിക്കില്ല എന്നറിയിച്ചിരുന്നു. ഇതൊഴിച്ച് ഒരു സംഘടനയും ഇതുവരെ സമരം/ പ്രക്ഷോഭം ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| സി) സർവ്വകലാശാലയിൽ നടന്ന നിർമ്മാണം, കൺസൾട്ടൻസി, സ്റ്റാറ്റ്യൂട്ട് തിരിമറി, നിയമനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് | സി) ബഹു. ചാൻസലർക്ക് 27.5.2015 ൽ സംഘടനകൾ നൽകിയ പരാതി സർവ്വകലാശാലയ്ക്ക് കൈമാറിയതിൽ, |

പുറത്ത് വന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സർക്കാർ എന്ത് നിലപാടാണ് എടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

ബോർഡ്, 8.7.2015 ൽ വിശദ പരിശോധന നടത്തിയതിൽ അഴിമതി ആരോപണങ്ങൾക്ക് അടിസ്ഥാനമില്ലായെന്നു കണ്ടെത്തി ചാൻസലർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. മറ്റു പരാതികൾ ഒന്നും ശ്രദ്ധയിൽ വന്നിട്ടില്ല.

ഡി) ജനാധിപത്യപരമായി തെരഞ്ഞെടുക്കുന്ന സെനറ്റ് , സിൻഡിക്കേറ്റ്, മറ്റ് ഭരണ സമിതികൾ എന്നിവ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഡി) ബഹു. ചാൻസലർ, സംഘടനകളുടെ ആവശ്യം മാനിച്ച് മാനേജിംഗ് കൗൺസിലിലേക്കുള്ള എം.എൽ.എ മാരുടെ മണ്ഡലത്തിലേക്ക്, തെരഞ്ഞെടുപ്പ് നടക്കുന്നതിനു മുമ്പായി തന്നെ, ബോർഡിലെ ഡീൻ, അദ്ധ്യാപക ഒഴിവുകളിലേക്ക് തിരഞ്ഞെടുപ്പ നടത്താൻ വിസി യുടെ അധികാരം ഉപയോഗിക്കാൻ അനുമതി നൽകിയതനുസരിച്ച് ആ തിരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ വേഗം സ്വീകരിച്ചു വരുന്നു. ഇതിനായി വോട്ടർ പട്ടിക 17.7.2015 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ